"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - തദ്ദേശ സ്വയം ഭരണ വകുപ്പ് (LID & EW) അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി. രശ്മി. പി.എസ്. - നെ ശുചിത്വ മിഷനിൽ പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2445/2024/LSGD തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(പി) നം.580/2013/ധന തീയതി 28/11/2013.
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/11/2024ലെ 3692/ബി/2019/എസ്.എം. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് (LID & EW) അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. രശ്മി പി.എസ്-നെ സംസ്ഥാന ശുചിത്വ മിഷനിലെ പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമന്ന് പരാമർശം (3) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് (LID & EW) അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. രശ്മി പി.എസ്-നെ സംസ്ഥാന ശുചിത്വ മിഷനിലെ പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) തസ്തികയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 140(സി)യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച പരാർമശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. രശ്മി പി.എസ്. (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ/ഇ&ആർ.എസ്.എ.), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/202/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 12-12-2024 14:17:54
സെക്ഷൻ ഓഫീസർ